പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5355 — 26.03.2018-ൽ മറുപടിക്ക്

## കുറ്റിപ്പുറം പഞ്ചായത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശന്നൂർ പിഷാരക്കൽ ദുർഗ്ഗ ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഇക്കാര്യത്തിൽ സംസ്ഥാനതല വിദഗ്ധ സമിതി ചുമതലപ്പെടുത്തിയത് പ്രകാരം സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(സി) ഇറിഗേഷൻ വകുപ്പ് അവസാനമായി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ)<br>(ബി)<br>(സി) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശന്നൂർ പിഷാരക്കൽ ദുർഗ്ഗാ ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാന ഉന്നതതല സമിതി ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പരിശോധിക്കുകയും ചെയ്തു. സബ്കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Vegetative Protection അടക്കമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 03.11.2017-ൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി തീരുമാനിക്കുകയും അതിൻപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ